പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1636 — 11.08.2017 ൽ മറുപടിക്ക്

## അപകടങ്ങളിൽ മുഖ്യപങ്കുവഹിക്കുന്ന വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ 5 വർഷം അപകടങ്ങളിൽ മുഖ്യപങ്കുവഹിച്ച വാഹനങ്ങൾ ഏതെല്ലാം മേഖലകളിലുള്ളവ എന്ന് വർഷം തിരിച്ച് വിവരം നൽകുമോ; | (എ) കഴിഞ്ഞ 5 വർഷക്കാലയളവിൽ 99789 ഇരുചക്ര വാഹനങ്ങളും, 26655 ഓട്ടോറിക്ഷകളും, 4455 ജീപ്പുകളും, 49010 കാറുകളും, 14140 ലോറികളും, 15912 പ്രൈവറ്റ് ബസ്സുകളും, 5898 കെ.എസ്.ആർ.ടി.സി ബസ്സുകളും അപകടത്തിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കെ എസ് ആർ ടി സി/സ്വകാര്യ ബസ്സുകൾ സ്റ്റോപ്പുകളിൽ ഒതുക്കി നിർത്താത്തതു മൂലമുണ്ടാകുന്ന ബ്ലോക്കുകൾ, അപകടങ്ങൾ എന്നിവ പരിശോധിച്ച് അതൊഴിവാക്കാനായി നടത്തിയ നടപടികൾ വ്യക്തമാക്കുമോ; | (ബി) മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്ന ദൈനംദിന വാഹന പരിശോധനകളിൽ ഇത്തരത്തിൽ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. |
| ((സി) കഴിഞ്ഞ 5 വർഷങ്ങളിൽ KSRTC/ സ്വകാര്യബസ്സുകൾ, കരിങ്കല്ലും കരിങ്കൽ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വാഹനങ്ങൾ,ഇരുചക്ര വാഹനങ്ങൾ,ഓട്ടോകൾ, ജീപ്പുകൾ, കാറുകൾ, ലോറികൾ എന്നിവയുടെ അമിത വേഗമുൾപ്പെടെയുള്ള ട്രാഫിക് ലംഘനങ്ങളുമായി ബന്ധപ്പെട്ട അപകടങ്ങൾ, അപകടമരണങ്ങൾ എന്നിവ എത്ര എന്നുള്ള കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ; | (സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ 99,789 ഇരുചക്ര വാഹനങ്ങളും, 26,655 ഓട്ടോറിക്ഷകളും, 4,455 ജീപ്പുകളും, 49,010 കാറുകളും, 14,140 ലോറികളും, 15,912 പ്രൈവറ്റ് ബസ്സുകളും, 5898 കെ.എസ്.ആർ.ടി.സി ബസ്സുകളും അപകടത്തിൽ പ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിൽ കെ.എസ്.ആർ.ടി.സി/സ്വകാര്യ ബസ്സുകൾ, ഇരുചക്ര വാഹനങ്ങൾ, ഓട്ടോകൾ, ജീപ്പുകൾ, കാറുകൾ, ലോറികൾ എന്നിവയുടെ അമിത വേഗതയുൾ പ്പെടെയുള്ള ട്രാഫിക് ലംഘനങ്ങളുമായി ബന്ധപ്പെട്ട് ആകെ നടന്നിട്ടുള്ള അപകടമരണങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | അപകടങ്ങൾ | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| 2012 | 36174 | 4286 |
| 2013 | 35215 | 4258 |
| 2014 | 36282 | 4049 |
| 2015 | 39014 | 4196 |
| 2016 | 39420 | 4287 |

(ഡി) ഇത്തരം വാഹനങ്ങളുടെ മത്സരയോട്ടവും അപകടമുണ്ടാക്കലും ട്രാഫിക് നിയമ ലംഘനങ്ങളും തടയുവാൻ വേണ്ടി ഗതാഗത വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

(ഡി) മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോട്ടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നു. അശ്രദ്ധമായും, അമിത വേഗതയിലും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നു. അമിത വേഗത ഒഴിവാക്കുന്നതിനായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മേഖലാ തലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിത വേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ